ഉത്തരം

(എ) സഹകരണ വകുപ്പിന്റെ കീഴിൽ ഒരു സഹകരണ പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നില്ല.

(ബി) ജെ. ഡി. സി., എച്ച്. ഡി. സി. കോഴ്സുകൾക്കുള്ള സിലബസ് പരിഷ്ക്കരിക്കുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്.

(സി) സംസ്ഥാനത്തൊട്ടാകെ ഓരോ വർഷവും സഹകരണ പരിശീലനം നൽകി വരുന്നവരുടെ എണ്ണം താഴെ പറയുന്ന പ്രകാരമാണ്.

ജെ. ഡി. സി. ഓരോ 8 മാസവും—1120. എച്ച്. ഡി. സി. ഓരോ കോഴ്സും-935.

മദ്യവ്യവസായ സഹകരണ സംഘങ്ങൾ

559. [764] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യവ്യവസായ സഹകരണ സംഘങ്ങൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം ;

(സി) അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മദ്യവ്യവസായ സഹകരണ സംഘങ്ങൾ എന്ന പേരിൽ ഒന്നും നിലവിലില്ല. എന്നാൽ ചെത്തു തൊഴിലാളി/കള്ള് ഉൽപ്പാദക സഹകരണ സംഘങ്ങൾ ഉണ്ട്.

(ബി) 5 (അഞ്ച്) എണ്ണം. ഇവയെല്ലാം പ്രവർത്തനരഹിതമാണ്.

(സി) തിരുവനന്തപുരം ജില്ല — 1
എറണാകുളം ,, — 1
തൃശ്ശൂർ ,, — 2
കാസർകോഡ് ,, — 1

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II അടിയന്തിര പ്രമേയം

കശുവണ്ടിത്തൊഴിലാളികളുടെ മിനിമംകൂലി നടപ്പിലാക്കാത്തതുമൂലം ഉണ്ടായിട്ടുള്ള സ്ഥിതി

മി. സ്പീക്കർ : ഹൈക്കോടതി വിധിയുണ്ടായിട്ടും മിനിമംകൂലി നടപ്പിലാക്കാത്ത സർക്കാർ കശുവണ്ടി മുതലാളിമാരുടെ നിലപാടു മൂലവും വ്യാപകമായി ഫാക്ടറികൾ അടച്ചിട്ട് മിനിമം കൂലിക്കുവേണ്ടി സമരം ചെയ്യുന്ന തൊഴിലാളികൾക്കുനേരെ പ്രതികാര നടപടികൾ സ്വീകരിക്കുന്നതിന്റെയും ഗവൺമെന്റ് പരസ്യമായും രഹസ്യമായും

9.30 a.m.

2/1063/B.

LIBRARY ARCHIVES Kerala Legislative Assembly